# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 248 — 19.02.2016 ൽ - മറുപടിക്ക്

## ഉത്തരവാദ പൊതുവിതരണ സമ്പ്രദായം

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ്കുമാർ
ഡോ. എൻ. ജയരാജ് :

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സമീപന രേഖയിൽ വിഭാവനം ചെയ്തിട്ടുളളതു പോലെ സുതാര്യവും കാര്യക്ഷമവും അഴിമതി കുറഞ്ഞതും പൊതു ജനങ്ങളോട് ഉത്തരവാദപ്പെട്ടതു മായ ഒരു പൊതുവിതരണ സമ്പ്രദായം ഉറപ്പാക്കുന്നതിന് ഇതിനോടകം ചെയ്തിട്ടുളള കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(എ) സുതാര്യവും കാര്യക്ഷമവും അഴിമതിരഹിതവും പൊതുജനോപകാരപ്രദവും ആയ പൊതുവിതരണ സമ്പ്രദായം ഉറപ്പാക്കുന്നതിന് സമഗ്രമായ പ്രവർത്തനങ്ങൾ സിവിൽ സപ്ലൈസ് വകുപ്പിൽ നടന്നു വരികയാണ്. വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ട് ആരംഭിച്ച എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷന്റെ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നു വരുന്നു. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് മുൻഗണനാ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രീ-പോപ്പുലേറ്റഡ് ഫോറം നൽകി പൊതുജനങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തി നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ റാങ്കിംഗ് നടത്തി കരട് മുൻഗണനാ പട്ടിക പരസ്യപ്പെടുത്തുന്നതിനുളള നടപടി സംസ്ഥാനത്തെ 75 താലൂക്ക് സപ്ലൈ ഓഫീസുകളിലും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലും നടന്നു വരികയാണ്. ഇതിനോടകം തന്നെ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസ്, എറണാകുളം ജില്ലയിലെ സിറ്റി റേഷനിംഗ് ഓഫീസ്, എറണാകുളം എന്നിവിടങ്ങളിലെ കരട് മുൻഗണനാ പട്ടിക 10.02.2016-ന് പരസ്യപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ അലോക്കേഷൻ മൊഡ്യൂൾ എൻ.ഐ.സി. തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ ഡാറ്റാ എൻട്രി നടന്നു വരുന്നു. സർക്കാർ ചെലവിൽ റേഷൻ സാധനങ്ങൾ നേരിട്ട് റേഷൻ കടകളിലെത്തിക്കുന്ന

തിനുള്ള വാതിൽപ്പടി വിതരണം പ്രാവർത്തിക മാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാന ഫുഡ് കമ്മീഷനും 10 ജില്ലാ പരാതി പരിഹാര ഓഫീസുകളും രൂപീകരിക്കുന്നതിന് 21.08.2015 ലെ സ.ഉ(കൈ)നം.23/15/ഭ.പൊ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഓൺലൈൻ ഗ്രീവൻസ് റിഡ്രസൽ മോഡ്യൂൾ പൈലറ്റ് അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു. ഗുണഭോക്താക്കളുടെ ഡാറ്റാബേസ് തയ്യാറാക്കുന്ന തിനും മുൻഗണനാ വിഭാഗങ്ങളുടെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുമുള്ള ആപ്ലിക്കേഷൻ (റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം - **RCMS**) **NIC** തയ്യാറാക്കിയിട്ടുണ്ട്. റേഷൻ കട തലത്തിലുള്ള റേഷൻ സാധനങ്ങളുടെ അലോക്കേഷൻ ഓൺലൈനായി പൊതുജനങ്ങൾക്ക് കാണുന്നതി നുള്ള സോഫ്റ്റ്‌വെയറും **NIC** വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ ഡോർ ടു ഡോർ ഡെലിവറി ഉൾപ്പെട്ടുവരുന്ന സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷനും വികസിപ്പിക്കുന്നതാണ്. പൊതുജന ങ്ങൾക്ക് ഓൺലൈനായി പരാതി രേഖപ്പെടുത്തു ന്നതിനും പരാതി പരിഹാര നടപടികൾ നിരീക്ഷിക്കുന്നതിനും ആപ്ലിക്കേഷൻ (ഗ്രീവൻസ് റിഡ്രസ്സൽ മോഡ്യൂൾ) സിവിൽ സപ്ലൈസ് വകുപ്പ് വികസിപ്പിച്ചത് പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിപ്പിച്ച് വരുന്നു. പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായി കെൽട്രോണിനെ നിയമിച്ചിട്ടുണ്ട്.

ഓരോ ഗുണഭോക്താവിനെയും ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അർഹമായ അളവിൽ റേഷൻ വിതരണം നടത്തുന്നതിനും റേഷൻ കടകളിൽ എത്തുന്ന സ്റ്റോക്ക് സ്വീകരിക്കുന്ന തിനും വിതരണം ചെയ്യുന്നതിനും സ്റ്റോക്ക്‌വിവരം രേഖപ്പെടുത്തുന്നതിനും വാങ്ങിയ റേഷൻ സാധനങ്ങളുടെ ബിൽ തയ്യാറാക്കുന്നതിനും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നു.

(ബി) ഈ ലക്ഷ്യം മുൻനിർത്തിയുളള പൈലറ്റ് ഘട്ടത്തിന്റെ നടത്തിപ്പ് വിജയകരമായിരുന്നോയെന്ന് വ്യക്തമാക്കുമോ ?

(ബി) പൈലറ്റ് പദ്ധതിയുടെ നടത്തിപ്പ് വിജയകരമായി നടന്നുവരുന്നു. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ മോഡൽ പൈലറ്റിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ 22 റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ച് ബയോമെട്രിക് ഐഡന്റിഫിക്കേഷൻ വഴിയോ **OTP** ആതന്റിക്കേഷൻ വഴിയോ കാർഡുടമയെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻ നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 5 വെണ്ടർമാരാണ് ഇതിൽ പങ്കെടുത്തിട്ടുളളത്. ബയോമെട്രിക് സംവിധാനം വഴിയോ **OTP** വഴിയോ ഗുണഭോക്താക്കളെ ശാസ്ത്രീയമായി തിരിച്ചറിയുക, ബിൽ തയ്യാറാക്കുക, ഗുണഭോക്തൃ വിഹിതം പ്രദർശിപ്പിക്കുക, സ്റ്റോക്ക് അപ്ഡേറ്റ് ചെയ്യുക, പോർട്ടൽ മുഖേന തത്സമയ സ്റ്റോക്ക് കാണിക്കുക തുടങ്ങിയവ ലക്ഷ്യമിട്ടുളള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.

01.04.2016- മുതൽ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണതോതിൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുളളത്.

സെക്ഷൻ ഓഫീസർ